**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3187** **26-06-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയത്; എത്ര രൂപയാണ് ഇതിന് ബജറ്റ് വിഹിതം ഉണ്ടായിരുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്? | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം. II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ൽ ക്രമ നമ്പർ.726-ൽ അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ പത്ത് കോടി രൂപയുടെ 20% തുകയായ 20000000/- (രണ്ടു കോടി) രൂപയുടെ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള രണ്ട് നിലകൾ മാത്രം ഉൾപ്പെടുത്തി അമ്പലപ്പുഴ മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 10 കോടിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>ഈ എസ്റ്റിമേറ്റിൽ രണ്ടു നിലകളിലായി അമ്പലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, അമ്പലപ്പുഴ സബ്ട്രഷറി ഓഫീസ്, അമ്പലപ്പുഴ ജില്ലാ ലേബർ ഓഫീസ്, തോട്ടപ്പള്ളി കനാൽ ഓഫീസ്, തോട്ടപ്പള്ളി ഇറിഗേഷൻ സെക്ഷൻ ഓഫീസ്, അമ്പലപ്പുഴ വില്ലേജ് ഓഫീസ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>ഈ പ്രവൃത്തിയുടെ 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ